# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3665</u> <u>15.03.2018 -ൽ മറുപടിക്ക്</u>

## <u>പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വി.ടി. ബൽറാം<br>ശ്രീ. എൽദോസ് പി കുന്നപ്പിള്ളിൽ<br>ശ്രീ. വി.എസ്. ശിവകുമാർ<br>ശ്രീ. അനിൽ അക്കര | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതിക്ക് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; | എ) പരിസ്ഥിതിയ്ക്ക് കോട്ടം വരാത്ത വിധത്തിലാണ് വിനോദസഞ്ചാര വകുപ്പ് പദ്ധതികൾ നടപ്പാക്കി വരുന്നത്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള നൂതന കർമ്മ പദ്ധതിയാണ് ഗ്രീൻ കാർപ്പറ്റ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും, സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതി നടപ്പിലാക്കുന്നത്. പ്രധാന ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് രഹിത മേഖലയാക്കി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുള്ളതിന്റെ ഭാഗമായി ബോധവത്ക്കരണ പ്രവർത്തനങ്ങളും ടൂറിസം മേഖലയുമായി ബന്ധപ്പെട്ടുള്ള മറ്റ് പ്രവർത്തനങ്ങളും സ്വീകരിച്ചു വരുന്നു. ഇത് കൂടാതെ കാസർഗോഡ്, കണ്ണൂർ ജില്ലകളിലെയും കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെയും പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളെ |

കോർത്തിണക്കി 'നോർത്ത് മലബാർ ടൂറിസം ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ്' എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഉത്തര മലബാറിലെ നദികളെ കേന്ദ്രീകരിച്ചുകൊണ്ട് പരിസ്ഥിതി സൗഹാർദ്ദമായ ഒരു റിവർ ക്രൂയിസ് സർക്യൂട്ട് നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

| | |
|---|---|
| ബി) ടൂറിസം കേന്ദ്രങ്ങൾ എല്ലാവർക്കും അനുഭവ വേദ്യമാക്കുക എന്ന ലക്ഷ്യം നേടുന്നതിന് എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | ബി) ടൂറിസം കേന്ദ്രങ്ങൾ എല്ലാ വിഭാഗങ്ങൾക്കും അനുഭവ വേദ്യമാക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനത്തിനടക്കം പ്രത്യേക നടപടികൾ സ്വീകരിച്ചു വരുന്നു. ഭിന്നശേഷി സൗഹൃദ ടോയ് ലറ്റുകൾ, റാമ്പുകൾ, നടപ്പാതകൾ എന്നിവയ്ക്ക് പുറമേ അംഗ പരിമിത ഭിന്നശേഷിക്കാർ എന്നീ വിഭാഗത്തിൽപ്പെട്ട വിനോദസഞ്ചാരികൾക്കായി ബാരിയർ ഫ്രീ ടൂറിസം പദ്ധതിയും ആവിഷ്കരിച്ചു വരുന്നു. ഗ്രീൻ കാർപ്പറ്റ് പദ്ധതിയിലും ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്ന നടപടികൾക്ക് പ്രത്യേക പ്രാധാന്യം നൽകിയിട്ടുള്ളതാണ്. |
| സി) ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ എത്രമാത്രം വിജയം കൈവരിക്കുവാൻ സാധിച്ചെന്നും ഇക്കാര്യത്തിൽ ഇതിനോടകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്തുമോ? | സി) ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി 8 പദ്ധതി പ്രൊപ്പോസൽ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കോഴിക്കോട് SIHM കാമ്പസിൽ ത്രീസ്റ്റാർ ഹോട്ടൽ കോംപ്ലക്സിന്റെ നിർമ്മാണം.<br>2. മുഴപ്പിലങ്ങാടിൽ ത്രീസ്റ്റാർ ബീച്ച് റിസോർട്ടിന്റെ നിർമ്മാണം.<br>3. ആലപ്പുഴയിലെ ചെത്തി ബീച്ചിന്റെ വികസനം.<br>4. കോഴിക്കോട് ജില്ലയിലെ ഇരിങ്ങൽ സർഗ്ഗാലയ അവലംബമാക്കി പയ്യോളി-വടകര മേഖലകൾ ഉൾപ്പെടുത്തിയുള്ള ഇന്റഗ്രേറ്റഡ് സർക്യൂട്ട് വികസനം. |

5. പാലക്കാട് ജില്ലയിലെ കാഞ്ഞിരമ്പുഴ ഡാം വിനോദസഞ്ചാര വികസനം.

6. കൊല്ലം ജില്ലയിലെ തെന്മല ഡാം പരിസര വിനോദസഞ്ചാര വികസനം.

7. തിരുവനന്തപുരം ജില്ലയിലെ നെയ്യാർ ഡാം പരിസര വിനോദസഞ്ചാര വികസനം.

8. കോഴിക്കോട് മുഴപ്പിലങ്ങാട്-ധർമ്മടം-ധർമ്മടം ദ്വീപ് എന്നീ സ്ഥലങ്ങൾ ബന്ധപ്പെടുത്തി റോപ് വേ- യുടെ നിർമ്മാണം.

ഇവയിൽ മുഴപ്പിലങ്ങാട് കെ.ടി.ഡി.സി. യുടെ ബീച്ച് റിസോർട്ട് നിർമ്മാണത്തിന് അനുമതി KIIFB – യിൽ നിന്ന് ലഭിച്ചു. നിർമ്മാണോദ്ഘാടനം നടത്താൻ നടപടി ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് കെ.ടി.ഡി.സി. യുടെ ത്രീ സ്റ്റാർ ഹോട്ടൽ പ്രോജക്റ്റിനും കിഫ്ബി അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ